പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 66 | 07.02.2013-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനം

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. കെ. കെ. ജയചന്ദ്രൻ:

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നടത്തിപ്പ് യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിക്കു പകരം റിലയൻസിനെ ഏൽപിച്ചതിന്റെ കാരണം വിശദമാക്കുമോ ; | (എ) 19/12/2012 ൽ നടന്ന 2013-14 സാമ്പത്തിക വർഷത്തെ ടെൻഡർ നടപടിയിൽ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കായ 738/- രൂപ മുന്നോട്ടു വെച്ചതിനാലാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടത്തിപ്പ് റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയെ ഏൽപ്പിക്കേണ്ടി വന്നത്. |
| (ബി) 2011 ജനുവരി 3-ന് ഇറക്കിയ ഉത്തരവ് പ്രകാരം യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിനെ 2011-12 മുതൽ മൂന്ന് വർഷത്തേയ്ക്ക് പദ്ധതി നടത്തിപ്പ് ഏല്പിച്ച് നൽകിയിരുന്നത് മാറ്റാനിടയായ സാഹചര്യം വ്യക്തമാക്കുമോ ; | (ബി) 2012-13 സാമ്പത്തിക വർഷം മുതൽ പദ്ധതിയിൽ തുടരാൻ സാധ്യമല്ലാ എന്ന് യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി രേഖാമൂലം അറിയിച്ചതു കൊണ്ടാണ് പദ്ധതി നടത്തിപ്പ് ഏൽപ്പിച്ചു നൽകിയിരുന്നത് മാറ്റാൻ ഇടയായത്. |
| (സി) ക്ലെയിം നൽകുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതിനെ തുടർന്ന് റിലയൻസിനെ രാജസ്ഥാൻ സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിഗണിച്ച ശേഷമാണോ പദ്ധതി നടത്തിപ്പ് റിലയൻസിനെ ഏല്പിച്ചത് ? | (സി) ആർ.എസ്.ബി.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയെ രാജസ്ഥാൻ സർക്കാർ കരിമ്പട്ടികയിൽപ്പെടുത്തിയ തായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Deepa

സെക്ഷൻ ഓഫീസർ